**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3925** **27-10-2021 - ൽ മറുപടിയ്ക്ക്**

**ആരോഗ്യവകുപ്പിൽ അസിസ്റ്റന്റ് സർജൻ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യവകുപ്പിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; ഇതിൽ പുതിയതായി സൃഷ്ടിച്ചവ, സ്ഥാനക്കയറ്റം മൂലമുണ്ടായവ,വിരമിക്കൽ മൂലമുണ്ടായവ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | നിലവിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ 6 ഒഴിവുകളാണുള്ളത്. പ്രസ്തുത ഒഴിവുകൾ ഉപരിപഠനത്തിനായി വിട്ടുതൽ ചെയ്തത് വഴിയും സ്ഥലംമാറ്റം വഴിയും ഉണ്ടായിട്ടുള്ളതാണ് |
| (ബി) | പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചുവെന്ന് അറിയിക്കാമോ; | (ബി) | ഇല്ല. പിജി പഠനാവശ്യത്തിനായി ശൂന്യവേതനാവധി എടുക്കുകയും കോഴ്സ് പൂർത്തിയാക്കി തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി റിപ്പോർട്ട് ചെയ്യുകയും ചെയ്ത ഡോക്ടർമാരെയാണ് പ്രസ്തുത ഒഴിവുകളിലേക്ക് നിയമിക്കുന്നത് |
| (സി) | നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | ഇല്ല. പിജി പഠനാവശ്യത്തിനായി ശൂന്യവേതനാവധി എടുക്കുകയും കോഴ്സ് പൂർത്തിയാക്കി തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി റിപ്പോർട്ട് ചെയ്യുകയും ചെയ്ത ഡോക്ടർമാരെയാണ് പ്രസ്തുത ഒഴിവുകളിലേക്ക് നിയമിക്കുന്നത് |
| (ഡി) | കോവിഡ് വ്യാപന സാധ്യതയും നിലവിലുള്ള ഡോക്ടർമാരുടെ ജോലിഭാരവും കണക്കിലെടുത്ത് ആരോഗ്യവകുപ്പിൽ പുതിയ അസിസ്റ്റന്റ് സർജൻ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | പുതിയ തസ്തിക സൃഷ്ടിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ